# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

ഗവ. എൽ. പി. എസ്

അയ്യൻ കോയിക്കൽ

# PROFORMA

Name of the school : Govt LPS Ayyankoickal
District : Kollam
Sub District : Chavara
School code : 41302
Establishing Date : 1903
Panchayat : Thevalakkara
Block : Chavara
Area : 110 cent

# ആമുഖം

ചവറ സബ്ജില്ലയിൽ പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികവ് തെളിയിച്ച വിദ്യാലയങ്ങളിലൊന്നാണ് ഗവ. എൽ. പി. എസ് അയ്യൻകോയിക്കൽ. വിവിധതരം വിഭവങ്ങളുടെ കൂട്ടായ്മയാണ് ഒരു വിദ്യാലയത്തെ മികവുറ്റതാക്കുന്നത്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കുന്നതിലേക്കായി മുൻകൂട്ടി ആസൂത്രണം ചെയ്ത ഒരു കൂട്ടം പ്രവർത്തനങ്ങൾ ആവശ്യമായതിനാൽ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സുരക്ഷിതവും ഗുണപ്രദവുമായ പഠന സാഹചര്യം എല്ലാ കുട്ടികൾക്കും ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. കുട്ടിയുടെ സർവതോന്മുഖമായ വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വരും വർഷങ്ങളിൽ ഞങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുമെന്ന് നമുക്ക് വിശ്വസിക്കാം.

## കാഴ്ചപ്പാട്

* ക്ലാസ്സിലെ പിന്നോക്കക്കാരെ മുൻനിരയിലേക്ക് കൊണ്ടുവരുക.
* അടുത്ത 3 വർഷത്തിനകം എഴുത്തും വായനയും അറിയാത്ത എല്ലാ കുട്ടികളെയും മികവുറ്റ പ്രവർത്തനങ്ങളിലൂടെ അതിൽ പ്രാപ്തരാക്കുക.
* ഗണിതത്തിലെ ചതുഷ്ക്രിയകൾ എല്ലാകുട്ടികൾക്കും സ്വായത്തമാക്കുക.
* പരീക്ഷണ- നിരീക്ഷണ വർഗ്ഗീകരണ നിഗമന രൂപീകരണ പാടവത്തിലൂടെ ശാസ്ത്ര അവബോധം കുട്ടികളിൽ എത്തിക്കുക.
* എല്ലാ പ്രവർത്തനങ്ങളിലും ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കാനും എഴുതുവാനുമുള്ള കഴിവ് വികസിപ്പിക്കുക.
* വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുക.
* വിദ്യാലയം ഹൈടെക് ആക്കുക.

## ചരിത്രം

തേവലക്കര ഗ്രാമത്തിന്റെ തെക്ക് ഭാഗത്തായി അയ്യൻ കോയിക്കൽ ക്ഷേത്രത്തിന് സമീപം അഷ്ടമുടിക്കായലിന് ഓരം ചേർന്ന് നിൽക്കുന്ന ഒരു വിദ്യാലയ മുത്തശ്ശിയാണ് ഇത്. പ്രൈമറിയിൽ നിന്നു അപ്പർ പ്രൈമറിയിലേക്കും പിന്നെ ഹൈസ്കൂൾ - ഹയർസെക്കണ്ടറി തലത്തിലേക്കും ഈ വിദ്യാലയം വളർന്നപ്പോൾ കുട്ടികളുടെ എണ്ണം കൂടുകയും സ്ഥലസൗകര്യക്കുറവ് അനുഭവപ്പെടുകയും ചെയ്തു. ഇത് ബോധ്യപ്പെട്ട് ഈ പ്രദേശത്തെ വിദ്യാഭ്യാസ - സാംസ്കാരിക - രാഷ്ട്രീയ പ്രവർത്തകർ ഒത്തുകൂടി ഈ വിദ്യാലയം അടുത്തുള്ള പയ്യംകുളം പുരയിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. സർക്കാർ രേഖയിൽ അയ്യൻ കോയിക്കൽ എൽ.പി. എസ്സായി അറിയപ്പെടുമ്പോഴും ഈ പ്രദേശത്തുകാർക്ക് ഈ വിദ്യാലയം ഇപ്പോഴും പയ്യംകുളം സ്കൂളായി നിലകൊള്ളുന്നു. പുത്തൻസങ്കേതം കോയിവിള, പാലയ്ക്കൽ, തെക്കുംഭാഗം പഞ്ചായത്തിന്റെ വടക്കുംഭാഗം തുടങ്ങിയ അഞ്ചോളം വാർഡുകളിൽ നിന്നും 150ൽ പരം കുട്ടികൾ ഇവിടെ പഠിക്കുന്നു.

സ്കൂളിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് നാട്ടുകാരുടെയും വിവിധ സംഘടനകളുടെയും [illegible]കാരുടെയും എസ്. എസ്. ജിയുടെയും സഹായങ്ങൾ എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. പാഠ്യ - പാഠ്യേതര മേഖലകളിലെ മികവുറ്റ പ്രവർത്തനങ്ങളിലൂടെ ചവറ സബ്ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നാകാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തി വിദ്യാലയം ശിശു സൗഹൃദമാക്കി എന്നുള്ളത് ഈ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം എടുത്ത് പറയേണ്ട ഒരു കാര്യമാണ്.

സ്കൂളിന്റെ ഭൗതിക സാഹചര്യം പഞ്ചായത്ത് മുഖേന ഒരു പരിധി വരെ മെച്ചപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ശിശു സൗഹൃദമാക്കുന്നതിൽ എസ്.എസ്.എ സുപ്രധാന പങ്കുവഹിച്ചു. അക്കാദമിക രംഗം മെച്ചപ്പെടുത്തുന്നതിൽ ബി.ആർ.സി വഴി ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനങ്ങളും ലഭിക്കുന്നുണ്ട്. സാമൂഹിക പങ്കാളിത്തത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ കഴിയുന്നുണ്ട്.

വ്യക്തിത്വ വികസനത്തിന് ഉതകും വിധത്തിൽ കുട്ടികളിലുള്ള ശാരീരികവും മാനസികവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിൽ ഈ വിദ്യാലയം ശ്രദ്ധിക്കാറുണ്ട്. ഭൗതിക സാഹചര്യങ്ങളെ ഇനിയും വർദ്ധിപ്പിച്ച് കുട്ടികൾക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുന്ന വിധത്തിൽ അക്കാദമിക പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്ന ഒരു പ്രവർത്തന ശൈലിയാണ് ഇവിടെയുള്ളത്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന കാഴ്ചപ്പാടോടു തന്നെ എല്ലാ അർത്ഥത്തിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

* അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾക്ക് വേണ്ട മാറ്റം വരുത്തിക്കൊണ്ട് ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാക്കി മാറ്റുക.
* സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* പാഠ്യ - പാഠ്യേതര മേഖലയിൽ ഉന്നതിയിൽ എത്തി കുട്ടികളെ സമൂഹത്തിനുതകുന്നവരാക്കുക.
* കലാകായിക വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ പരിപോഷിപ്പിക്കുക.
* ടാലന്റ് ലാബ്, ലാംഗ്വേജ് ലാബ്, ഗണിതലാബ്, പാഠരംഗ്, റീഡേഴ്സ് തിയേറ്റർ, വായനോത്സവം, ഭാഷോത്സവം, ഡിജിറ്റൽ ലാബ് എന്നിവ സ്കൂളിൽ നടപ്പിലാക്കുക.
* വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുക.

## പദ്ധതി ആവിഷ്കരണ പ്രക്രിയ.

വിശദമായ ആസൂത്രണത്തിലൂടെയാണ് ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത്. കുട്ടികളുടെ ഭാഷാശേഷി വികസനത്തിനുതകുന്ന പ്രവർത്തനങ്ങളായ ശ്രദ്ധ, മലയാളത്തിളക്കം, Hello English, വായന, ക്വിസ് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി വിശദമായ ചർച്ചയിലൂടെ ഓരോ ക്ലാസിലും നടപ്പാക്കുന്നു. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ നടപ്പാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ SMC, BRC, പഞ്ചായത്ത് എന്നിവയുടെ മേൽനോട്ടത്തിലും സാമ്പത്തിക സഹായത്തിലും നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്.

SRG യോഗങ്ങളിൽ വരും ദിവസങ്ങളിലെ പാഠഭാഗങ്ങളുടെ ചർച്ചയും IT സാധ്യതകളുടെ കണ്ടെത്തലും നടക്കുന്നു. SMC, MPTA, CPTA യോഗങ്ങളിൽ കുട്ടികളുടെ ഉല്പന്ന പ്രദർശനവും മികവുകളുടെ അവതരണവും നടത്തിവരുന്നു. വർഷാന്ത്യങ്ങളിൽ നടത്തുന്ന പഠനോത്സവങ്ങൾ പൊതുജന ശ്രദ്ധ പിടിച്ചു പറ്റുന്നു. സമൂഹവും വിദ്യാലയവും പരസ്പര പൂരകങ്ങളാണ് എന്ന ഉത്തമ ബോധ്യത്തോടെ സമൂഹത്തെ വിദ്യാലയത്തിലേക്ക് ആകർഷിക്കാനും അവരുടെ സജീവ പങ്കാളിത്തത്തോടെ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനും കഴിയുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

| വിഷയം | നിലവിലെ അവസ്ഥ | | | മെച്ചപ്പെടുത്തേണ്ടുന്ന പ്രവർത്തനങ്ങൾ. |
| --- | --- | --- | --- | --- |
| പ്രവേശനവും ഹാജരും സംബന്ധിച്ച് | ആൺ | പെൺ | ആകെ. | വിദ്യാർത്ഥികളുടെ പ്രവേശനം ഇനിയും കൂടേ ഭൗതിക സാഹചര്യങ്ങളിൽ കുറച്ച് മാറ്റം വന്നെങ്കിലും ഇനിയും മാറേണ്ടതുണ്ട്. വിദ്യാലയ അന്തരീക്ഷം ശിശുസൗഹൃദപരമാണ് പാഠ്യ-പാഠ്യേതര പ്രവർത്ത നങ്ങൾ നല്ല രീതിയിൽ നടക്കുന്നു. പല വർഷ ങ്ങളിൽ കുട്ടികളുടെ എണ്ണ ത്തിൽ വർദ്ധനവ് കാണി ക്കുന്നു. പ്രീപ്രൈമറിയി ലേക്ക് കുട്ടികളെ ആകർഷിക്കു ന്നതിനായി കൂടുതൽ കളിയുപകരണങ്ങൾ ലഭ്യമാക |
| പ്രീപ്രൈമറി | 10 | 14 | 24 | |
| പ്രൈമറി | | | | |
| ആകെ. | | | | |
| അധ്യാപകർ<br>നിലവിലുള്ള അധ്യാപകരുടെ എണ്ണം. | HM - 1<br>LPSA - 5<br>Jr. Arabic - 1<br>Pre-Primary - 1 | | | |
| ദിവസം പ്രവർത്തിക്കുന്ന ശരാശരി സമയം | 6 മണിക്കൂർ. | | | ഉച്ച സമയങ്ങളിൽ അധിക പഠനക്ലാസുകൾ നടത്താൻ ഉദ്ദേശിക്കുന്നു |
| അധ്യാപകരുടെ പ്രതിവാര സമയ-ത്തിന്റെ ശരാശരി | 35 മണിക്കൂർ. | | | |

| വിഷയം | നിലവിലെ അവസ്ഥ | മെച്ചപ്പെടുത്താനുള പ്രവർത്തനങ്ങൾ |
|---|---|---|
| എല്ലാ കാലാവസ്ഥയിലും സ്കൂളിൽ അനുയോജ്യമായ റോഡ് സൗകര്യമുണ്ടോ? | ഉണ്ട് | |
| അധ്യാപകർക്ക് കൃത്യമായി സ്കൂളിലെത്താനും തിരികെ പോകാനുമുള്ള ഗതാഗത സൗകര്യമുണ്ടോ? | ഉണ്ട് | |
| ലഭ്യമായ ക്ലാസ് മുറികളുടെ എണ്ണം | 9 | 2 ക്ലാസ് മുറികൾ കൂടി വേണം |
| ഹെഡ്മാസ്റ്റർ റൂം | | HM ന് പ്രത്യേകം റൂം വേ |
| ക്ലാസ് റൂം സൗകര്യങ്ങളുടെ അഭാവം | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് അനുയോജ്യമായ തരത്തിൽ മെച്ചപ്പെട്ട സൗകര്യങ്ങളോടു കൂടിയ ക്ലാസ് മുറികൾ ഇല്ല. | സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കുക. |
| ലൈബ്രറി | കമ്പ്യൂട്ടർ റൂമിൽ സജ്ജീകരിച്ചിരിക്കുന്നു | ലൈബ്രറി സൗകര്യങ്ങ കുട്ടികൾക്കും അധ്യാപകർ പ്രയോജനപ്പെടത്തക്ക വിധത്തിൽ സജ്ജീകര ങ്ങളോടു കൂടിയ ഒരു ലൈബ്രറി റൂം ആവശ്യമാ<br>— ഡിജിറ്റൽ ലൈബ്ര ആവശ്യമാണ് |
| ക്ലാസ് റൂം ലൈബ്രറി | എല്ലാ ക്ലാസിലും സജ്ജീകരിച്ചിരിക്കുന്നു. | |

| വിഷയം | നിലവിലെ അവസ്ഥ | മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ. |
|---|---|---|
| കുട്ടികളുടെ ഭാഷാ നിലവാരം | 65% കുട്ടികൾക്ക് എഴുത്തും വായനയും ഉറപ്പാക്കിയിട്ടുണ്ട് | ബാക്കി 35% കുട്ടികൾക്ക് ശ്രദ്ധ, മലയാളത്തിളക്കം, വായനാക്കൂട്ടം, ഹലോ ഇംഗ്ലീഷ്, ഭാഷോത്സവം എന്നിവയുടെ ഭാഗമായി ഭാഷാശേഷി ഉറപ്പാക്കാം |
| ലബോറട്ടറി | ലാബ് സൗകര്യം ഇല്ല. ഉള്ള ഉപകരണങ്ങൾ കമ്പ്യൂട്ടർ ലാബിൽ സജ്ജീകരിച്ചിരിക്കുന്നു. | ഓരോ കുട്ടിക്കും പഠനത്തോടൊപ്പം പരീക്ഷണങ്ങൾ നടത്തുന്നതിന് വിശാലമായ ലാബ് സൗകര്യം അത്യാവശ്യമാണ്. |
| സ്മാർട്ട് റൂം | പ്രധാന അധ്യാപകമുറി സ്മാർട്ട് റൂമായും ഉപയോഗിക്കുന്നു. | അധ്യാപകർക്ക് പ്രത്യേക സ്മാർട്ട് റൂം ആവശ്യമാണ് |
| കമ്പ്യൂട്ടർ റൂം | കമ്പ്യൂട്ടർ റൂം ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ അപര്യാപ്തത ഉണ്ട്. | കൂടുതൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കണം. പ്രൊജക്ടറുകൾ ആവശ്യമാണ്. |
| ഉച്ചഭക്ഷണം തയ്യാറാക്കാൻ അടുക്കള | ആധുനിക അടുക്കള ഉണ്ട് | |
| റാമ്പും റെയിലും | ഒന്നു കെട്ടിടത്തിന് ഉണ്ട്. ഒരെണ്ണത്തിന് ഇല്ല. | ഇല്ലാത്ത കെട്ടിടത്തിന് റാമ്പും റെയിലും നിർമ്മിക്കണം |
| വൈദ്യുതി സൗകര്യം | വൈദ്യുതി സൗകര്യം ഉണ്ടെങ്കിലും വയറിംഗുകൾ കാലപ്പഴക്കം ചെന്നതാണ്. | റീവയറിംഗ് ചെയ്യേണ്ടതാണ്. |

| വിഷയം | നിലവിലെ അവസ്ഥ | മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ. |
|---|---|---|
| കുട്ടികളുടെ പാർക്ക് | കുട്ടികൾക്ക് പാർക്ക് ഇല്ല. | എല്ലാ സൗകര്യങ്ങളോടും കൂടിയ പാർക്ക് ആവശ്യമാണ് |
| കുടിവെള്ളം. | കിണർ ഉണ്ട്. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. | പഞ്ചായത്ത് ലൈൻ പൈപ്പ് വെള്ളം സംഭരിക്കാൻ സംവിധാനം ആവശ്യമാണ്. |
| ടോയ്‌ലറ്റുകൾ | ഉണ്ട്. കേടുപാടുകൾ ഉണ്ട്. | കേടുപാടുകൾ മാറ്റി പ്രവർത്തനക്ഷമമാക്കണം |
| സ്കൂൾ പരിസരം | വൃത്തിയായി സൂക്ഷിക്കുന്നു. പച്ചത്തോട്ടവും ജൈവവൈവിധ്യ പാർക്കും ഉണ്ട്. | |
| ചുറ്റുമതിൽ | പൂർണ്ണമായും ഉണ്ട്. ഇതും കൂടി കേടുപാടുകൾ മാറ്റി. | |
| ലൈബ്രറി പുസ്തകങ്ങൾ | ഉണ്ട്. പരിമിതമാണ് | കുട്ടികളുടെ നിലവാരത്തിനനുയോജ്യമായ പുസ്തകങ്ങൾ ആവശ്യമാണ്. |
| ലാബ്, ലൈബ്രറി ഫർണിച്ചറുകൾ | ഇല്ല | ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കണം |
| ഡൈനിംഗ്ഹാൾ | ഇല്ല | ഡൈനിംഗ്ഹാൾ അത്യാവശ്യമാണ്. |
| മാലിന്യസംസ്കരണ സംവിധാനം | ഇല്ല | മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കണം |
| ആഡിറ്റോറിയം | ഉണ്ട് | സ്റ്റേജ്, കർട്ടൻ, മൈക്ക്സെറ്റ് എന്നിവ ലഭ്യമാക്കണം |
| വൈറ്റ് ബോർഡ് | ഉണ്ട്. | |
| ഡിജിറ്റൽ ക്ലാസ് റൂം | ഇല്ല | അത്യാവശ്യമാണ്. |

| വിഷയം | നിലവിലെ അവസ്ഥ | മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ |
|---|---|---|
| കായികക്ഷമതാ വിദ്യാഭ്യാസം | കായികാധ്യാപകൻ ഇല്ല. കരാട്ടെ പരിശീലനം ഉണ്ട് | കായികാധ്യാപകനെ ആവശ്യമാണ്. |
| പച്ചക്കറിത്തോട്ടം | ഉണ്ട് | പ്രത്യേകം അതിർത്തി തിരിച്ച് കൂടുതൽ മെച്ചപ്പെടുത്തണം |
| ജൈവവൈവിധ്യ പാർക്ക് | ഉണ്ട്. | വിപുലീകരിക്കണം. |
| ക്ലാസ് റൂം സജ്ജീകരണം | രണ്ട് ക്ലാസ് റൂമുകൾ ശിശുസൗഹൃദമാണ്. | എല്ലാ ക്ലാസ് റൂമും ശിശുസൗഹൃദമാക്കണം |
| കണ്ടെത്തൽ പഠനം, വാതിൽപ്പുറ പഠനം | നടപ്പിലാക്കുന്നുണ്ട്. | |
| TB ക്ക് പുറമേയുള്ള ബോധന ഉപകരണങ്ങൾ | Laptop, ചാർട്ട്, projector, വർക്ക് ഷീറ്റ്, വായനക്കാർഡ് | Projector, Laptop എന്നിവ പ്രവർത്തനക്ഷമമാക്കണം. Power point presentation വേണം. |
| അസംബ്ലി ഹാൾ | ഇല്ല. മരത്തിന്റെ ചുവട്ടിലാണ് അസംബ്ലി നടത്തുന്നത്. | സൗകര്യപ്രദമായ ഹാൾ സജ്ജീകരിക്കുക. മൈക്ക്, സ്പീക്കർ എന്നിവ ലഭ്യമാക്കുക. |
| ടോയ്‌ലറ്റ് | ഉണ്ട്. പരിമിതമാണ് | ആധുനികവൽക്കരിച്ച ശുചിമുറികൾ ആവശ്യമാണ് |
| കുട്ടികളുടെ വിലയിരുത്തലിന് സ്വീകരിച്ചിട്ടുള്ള മാർഗം | നിരന്തര മൂല്യനിർണ്ണയം. | ആവശ്യമായ വർക്ക്ഷീറ്റുകൾ ലഭ്യമാക്കണം. സ്വയം മൂല്യനിർണ്ണയത്തിനുള്ള അവസരങ്ങൾ നൽകാം. |
| സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി | രൂപീകരിച്ചിട്ടുണ്ട്. | അംഗങ്ങളുടെ പങ്കാളിത്തം മെച്ചപ്പെടണം. |

| വിഷയം | നിലവിലെ അവസ്ഥ | മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ |
|---|---|---|
| അക്കാദമിക കലണ്ടർ | തയ്യാറാക്കിയിട്ടുണ്ട് | |
| വാർഷിക കലണ്ടർ | തയ്യാറാക്കിയിട്ടുണ്ട് | |
| അധ്യാപക പരിശീലനം. | എല്ലാ അധ്യാപകരും പരിശീലനങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നു. | |
| വാഹന ഷെഡ് | ഇല്ല. | അനുയോജ്യമായ സ്ഥലത്ത് വാഹന ഷെഡ് നിർമ്മിക്കണം |
| ക്ലാസ് മുറികൾ ശീതീകരിക്കൽ | ശീതീകരിച്ചിട്ടില്ല. | ശീതീകരണ സംവിധാനം ഏർപ്പെടുത്തുക.. |

# ഐടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡസ്ക് ടോപ്പ് | ഇല്ല | 8 |
| ലാപ് ടോപ്പ് | 4 (working) | 4 |
| പ്രൊജക്ടർ | 2 (working) | 4 |
| റേഡിയോ | ഇല്ല | 2 |
| ടിവി | 1 (Pre primary) | 2 |
| വിക്ടർ ചാനൽ ലഭ്യത | ഉണ്ട്. | |
| ഡിവിഡി പ്ലയർ | ഇല്ല | 2 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട്. | |
| സ്വന്തമായി വെബ് സൈറ്റ് | ഉണ്ട്. | |
| ബ്ലോഗ് | ഇല്ല | |
| ഇ-മെയിൽ ഐഡി | ഉണ്ട് | |
| സ്മാർട്ട് ഐഡി | ഉണ്ട്. 1 | |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | 8 |

നിലവിലെ പഠനപ്രവർത്തനങ്ങളിൽ ഐടിക്ക് ഉയർന്ന സ്ഥാനമാണുള്ളത്. ഐടി അധിഷ്ഠിത പഠനം അതിന്റെ ശരിയായ അർത്ഥത്തിൽ കൈവരിക്കണമെങ്കിൽ നിലവിലെ ഐടി ഉപകരണങ്ങൾ പര്യാപ്തമല്ല.

എങ്കിലും ഈ പരിമിതികൾക്കുള്ളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ പഠനം തുടർന്ന് കൊണ്ടു പോകുകയും ഓരോ കുട്ടിയും ആത്മ നിർണ്ണയത്തിന് വിധേയമാക്കപ്പെടുകയും ചെയ്യുന്നു.

# പദ്ധതി വിശദാംശങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വായന<br>• മുഴുവൻ കുട്ടികളേയും വായനയിൽ താല്പര്യമുള്ളവരാക്കുക | ❖ പിറന്നാൾപുസ്തകം<br>കുട്ടികളുടെ ജന്മദിനവുമായി ബന്ധപ്പെട്ട് 'പിറന്നാൾ പുസ്തകം' എന്ന പദ്ധതിയിലൂടെ ക്ലാസ്സ് ലൈബ്രറിക്ക് പുസ്തകം സമ്മാനിക്കുന്നു.<br>❖ വായനാവാരം | വർഷം മുഴുവൻ | അധ്യാപകർ |
| • വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക. | ❖ കുട്ടികളുടെ നിലവാരം, പഠന നേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ക്രമീകരിക്കുന്നു.<br>❖ വായനയ്ക്ക് വിവിധ പ്രവർത്തനങ്ങളിലൂടെ നിരന്തരവും ക്രമവുമായ പരിശീലനം സംഘടിപ്പിക്കൽ. | ജൂൺ - ആഗസ്റ്റ് | അധ്യാപകർ |
| • ക്ലാസ്സ് ലൈബ്രറി യാഥാർത്ഥ്യമാക്കുക | ❖ കുട്ടികൾ കൊണ്ടുവരുന്ന പുസ്തകങ്ങളും സ്പോൺസർഷിപ്പിലൂടെ ലഭിക്കുന്ന പുസ്തകങ്ങളും ഉപയോഗിച്ച് ക്ലാസ്സ് ലൈബ്രറി വിപുലീകരിക്കുന്നു.<br>❖ കുട്ടികളുടെ നിലവാരം, പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ക്രമീകരിക്കുന്നു. | ജൂൺ - ജൂലൈ | അധ്യാപകർ |

-2-

| | | | |
|---|---|---|---|
| ❖ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. | ❖ അസംബ്ലിയിലോ ക്ലാസ്സിലോ നിത്യം പത്ര വായനയും, വിശകലനവും.<br>❖ ക്ലാസ്സിലോ വായനാ മുറിയിലോ പത്രങ്ങൾ ക്ലിപ്പ് ചെയ്തിട്ട് ഓരോ കുട്ടിയേയും കൊണ്ട് വായിപ്പിക്കൽ.<br>❖ ആസ്വാദ്യകരമായ വായനാ പരിശീലനം | വർഷം മുഴുവൻ | അധ്യാപകർ |
| ❖ വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക. | ❖ വായനാക്കുറിപ്പ് പ്രസിദ്ധീകരിക്കൽ.<br>❖ ക്ലാസ്സ് പി.ടി.എ യിൽ ഒരു വായനാ പ്രവർത്തനം അവതരിപ്പിക്കൽ. | വർഷം മുഴുവൻ | അധ്യാപകർ |
| ❖ വായനയിലൂടെ നേടിയ അറിവുകൾ പ്രകടിപ്പിക്കുന്നതിന് ആവശ്യമായ സങ്കേതങ്ങൾ പരിചയപ്പെടുക. | ❖ പ്രാദേശിക സദസ്സുകളിൽ വായിച്ച പുസ്തകങ്ങളെ ആധാരമാക്കിയുള്ള ആവിഷ്ക്കാരം.<br>❖ അച്ചടിച്ചതോ കൈകൊണ്ടെഴുതിയതോ ആയ ക്ലാസ്സ് പത്രം, സ്കൂൾ പത്രം എന്നിവ തയ്യാറാക്കൽ. | വർഷത്തിൽ മൂന്ന് പ്രാവശ്യം (ആഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി) | S.R.G. |
| ലേഖനം<br>❖ മാഗസിനുകൾ തയ്യാറാക്കൽ | ❖ കുട്ടികളുടെ ക്ലാസ്സ് പ്രവർത്തനവുമായി ബന്ധപ്പെടുത്തിയും ദിനാചരണങ്ങളുടെ ഭാഗമായും മാഗസീനുകൾ (ക്ലാസ്സ് മാഗസീൻ, ദിനാചരണ മാഗസീൻ) തയ്യാറാക്കുക. | മാസത്തിൽ ഒന്നു വീതം | S.R.G. |
| ❖ ശില്പശാല സംഘടിപ്പിക്കൽ | ❖ ക്ലാസ്സ് സമയത്തല്ലാതെ സംഘടിപ്പിക്കുന്ന എഴുത്ത് കൂട്ടം ശില്പശാലകളിൽ കവിതാവതരണം, നിരൂപണം, ചർച്ച, പ്രമേയങ്ങൾ തെരഞ്ഞെടുക്കൽ, കവിതാ രചന, കഥാ രചന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | S.R.G<br>P.T.A |

| | | | |
|---|---|---|---|
| ❖ മാസികകൾ തയ്യാറാക്കൽ | ❖ കലാ-സാഹിത്യ വേദികളുടെ നേതൃത്വത്തിൽ നടത്തുന്ന സാഹിത്യ ശില്പശാലകളിൽ നിർദ്ദേശിക്കപ്പെട്ട മൊഡ്യൂളും സ്വതന്ത്രമായി സമാഹരിച്ച സാമിഗ്രികളും ഉപയോഗപ്പെടുത്തി ഓരോ കുട്ടിയ്ക്കും ഒരു കൈയ്യെഴുത്ത് മാസിക എന്ന ആശയം രൂപപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ |
| ❖ രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ | ❖ വായനാക്കൂട്ടങ്ങളിൽ വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് രണ്ടാഴ്ചയ്ക്കകം തയ്യാറാക്കുകയും മികച്ചവ പതിപ്പുകളാക്കി മാറ്റുകയും ചെയ്യുക.<br>❖ ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് തീവ്ര പരിശീലനം നൽകുന്ന അക്ഷരമുന്നേറ്റം പദ്ധതി നടപ്പാക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G. |
| [illegible]<br>❖ മാനസിക-വൈജ്ഞാനിക നിലവാരം ഉയർത്തൽ | ❖ വിശ്രമ വേളകൾ ആനന്ദകരമാക്കുന്നതിന് റേഡിയോ വാർത്താചാനലുകൾ, മറ്റ് വിജ്ഞാന വിനോദ പരിപാടികൾ ആസ്വദിക്കുന്നതിനും ടി.വി.കാണുകയും കേൾക്കുകയും ചെയ്യുന്നതിനുമുള്ള അവസരം ഉണ്ടാക്കുക.<br>❖ വൈദഗ്ധ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി പരിപാടികൾ അവതരിപ്പിക്കൽ. | വർഷം മുഴുവൻ | |

| | | | |
|---|---|---|---|
| ...ർഗ്ഗാത്മകത<br>❖ ടാലന്റ് ലാബ് ഉപയോഗ പ്പെടുത്തി സർഗ്ഗാത്മകത അളക്കുക | ❖ മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും അഭിരുചി കണ്ടെത്തുക. | ജൂൺ | അധ്യാപകർ |
| ❖ ശില്പശാല, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക | ❖ സമാന ഗ്രൂപ്പിലുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കൽ. | ജൂലൈ | അധ്യാപകർ |
| സാംസ്കാരിക അവബോധം വളർത്തുക | ❖ ഓരോ ഗ്രൂപ്പിനും നടത്തിപ്പ് ചുമതലയ്ക്ക് ഓരോ കമ്മറ്റി വീതം രൂപീകരിക്കൽ. | ജൂലൈ | അധ്യാപകർ |
| മാനവികമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിന്. | ❖ 15 മണിക്കൂറിൽ കുറയാത്ത പരിശീലനം എല്ലാവർക്കും നൽകുന്നതിന് പരിപാടി രൂപപ്പെടുത്തൽ. | | അധ്യാപകർ |
| ബഹുമുഖ ബുദ്ധി വികാസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക. | ❖ വിദഗ്ധരെ കണ്ടെത്തൽ- അവരുടെ സേവനം ഉപയോഗപ്പെടുത്തൽ. | സെപ്തംബർ | S.R.G<br>P.T.A |
| വിഭിന്നശേഷിയുള്ള കുട്ടികളെ പഠന പ്രവർത്തനത്തിൽ തൽപ്പരരാക്കുന്നതിന്. | ❖ ആവശ്യമായ 5 വിദഗ്ധരുടെ എങ്കിലും സേവനം ഓരോ ഗ്രൂപ്പിനും ലഭിക്കത്തക്ക വിധം ടാലന്റ് പരിപോഷണം നടത്തൽ. | | |
| ...സ്വാദന നിലവാരം ...ർത്തുക. | ❖ സവിശേഷ പ്രതിഭകൾക്ക് B.R.C തല തുടർ പ്രവർത്തനം. | | |

| | | | |
|---|---|---|---|
| | ഓൺലൈൻ വായനയ്ക്ക് അവസരം ഒരുക്കുന്നു | | |
| | വായന കേളികൾ സംഘടിപ്പിക്കുന്നു | | |
| | പത്രവായന - പത്ര വാർത്ത അസംബ്ലിയിലും ക്ലാസ്സിലും വായിക്കുവാനുള്ള അവസരം ഒരുക്കുന്നു . | | |
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതാൻ പ്രാപ്തരാകുന്നു | ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുതൽ | ജൂൺ - മാർച്ച് | പുസ്തകങ്ങൾ<br>ICT |
| | കഥകൾ സ്വന്തം വാക്യങ്ങളിൽ പൂർത്തിയാക്കുവാൻ അവസരം നൽകുന്നു | | |
| | സന്ദർഭങ്ങൾക്കനുസരിച്ച് സംഭാഷണങ്ങൾ എഴുതുവാൻ അവസരംനൽകുന്നു | | |
| | ചെറിയ കഥാ വീഡിയോകൾ പ്രദർശിപ്പിച്ച് അവയിൽ നിന്നും കേട്ട വാക്കുകൾ ലഘു വാക്യങ്ങൾ എന്ന ക്രമത്തിൽ എഴുതുവാൻ പരിശീലനം നൽകുക . | | |
| | വായിച്ച കഥകളിലെ ആശയം സ്വന്തം രീതിയിൽ എഴുതുന്നു . | | |
| | വായിച്ച കഥകൾക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അവസരം നൽകുന്നു . | | |
| | ആസ്വാദന കുറിപ്പുകൾ ചേർത്ത് പതിപ്പുകൾ നിർമിക്കുന്നു | | |
| | കുട്ടികളുടെ ഡയറി എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്നു .മികച്ച ഡയറി എഴുത്തുകാരെ കണ്ടെത്തുന്നു | | |
| | കയ്യെഴുത്ത് കുട്ടികളെ | | |

| | | | |
|---|---|---|---|
| | എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കാനായുള്ള ലഘു രചനാ ശില്പശാലകൾ സംഘടിപ്പിക്കുന്നു | | |
| | കഥയെഴുത്ത് . സൂചനകളിൽ നിന്നും വികസിപ്പിച്ച് സ്വന്തം രീതിയിൽ കഥ പൂർത്തിയാക്കുവാനുള്ള അവസരം നൽകുന്നു | | |

## ENGLISH

| OBJECTIVES | ACTIVITIES | DURATION | CHARGE | FUND |
|---|---|---|---|---|
| To develop the ability to read English by all the students. | ➢ Through the introduction of english sounds, students are asked to say words with each sound. These words are written on the chart and students from each class read the words individually and others motivate these students by claps. This activity is conducted in the school as a whole. | June-July | English Teacher-H.M | |
| To develop the ability to speak English by all the students. | ➢ Each class make a sound dictionary using each sound and it should be kept in our school library.<br>➢ The students are asked to make a sound dictionary by make use of sounds which end in the same sound. They read and write these words by making the dictionary. It sould also be kept in the library as a record. | July to March | | |
| | **English Assembly**<br>Two days are allotted for english assembly in our school in one week. Students from I to IV classes conduct this assembly. Various activities are included in this assembly like "Thought for the day, story reading, introduction of medicinal plant, introduction of | July-March | Class Teacher | |

| | | | | |
|---|---|---|---|---|
| | famous persons" in addition to the regular activities of an assembly. All the talks of the teachers and the students is in English, and they get the confidence in speak English even in a better atmosphere. | | | |
| Self introduction by each student in each class in the assembly. | Students from I to IV classes conduct a self introduction in the assembly and they get the confidence to speak English. It is done during our English assembly. | | | |
| To develop the ability to write English neatly and correctly. | **<u>Picturisation of the school and description</u>**<br>Each student from each class draw the picture of their school and writes sentences as they can using their own linguistic abilities. The school as whole make it as a magazine. | | Class Teachers | |
| ➢ Develops the students linguistic abilities. | **<u>Dairy</u>**<br>The teachers make the students from 3rd and 4th classes as a mixed group and they are given instructions to write their daily routine in a note book. These daily activity scribbled during six months brought to the school and develop it as a school dairy. | Twice in a year | Teachers | |

| | | | | |
|---|---|---|---|---|
| | famous persons" in addition to the regular activities of an assembly. All the talks of the teachers and the students is in English, and they get the confidence in speak English even in a better atmosphere. | | | |
| ...lf introduction by ...ch student in each ...ss in the assembly. | Students from I to IV classes conduct a self introduction in the assembly and they get the confidence to speak English. It is done during our English assembly. | | | |
| ...develop the ability ...write English neatly ...d correctly. | <u>**Picturisation of the school and description**</u><br>Each student from each class draw the picture of their school and writes sentences as they can using their own linguistic abilities. The school as whole make it as a magazine. | | Class Teachers | |
| ...velops the students ...guistic abilities. | <u>**Dairy**</u><br>The teachers make the students from 3rd and 4th classes as a mixed group and they are given instructions to write their daily routine in a note book. These daily activity scribbled during six months brought to the school and develop it as a school dairy. | Twice in a year | Teachers | |

| | | | | |
|---|---|---|---|---|
| Understands and develops aesthetic level of English language. | **English Theatre** Including students from 3rd and 4th classes the teacher develops an English theatre. They are given training in theatre activities using stories from their text books. Each drama is staged in each week participating these students. | Twice in a year | Teachers | |
| Develop linguistic as well as acting or presentation abilities. | **Balasabha** Including all the students in the school conducts a meeting in each Friday and various activities are conducted and students who performs very well are given presents. Instruction, presentation and all activities in the classroom converts into English. | Once in every month | SRG | |
| | **Formation of English Magazine** The school as a whole makes riddles, descriptions, conversations, picturaisation, quiz, rhymes, stories etc and develops its as a growing English magazine with an editorial board and exhibited in school anniversary. | December - January | SRG | |
| | **Day Celebrations** Important day celebrations are conducted in our school and all these programmes should be in English participating persons from society. | Through out the year | Teachers | |

# ENGLISH

Aim : To speak, read and write English fluently without any mistake.

Time: June to March
June and July

* To develop listening skills and reading skills .

Listening skills.

* Games , action songs of Hello English activities
* Conversations ( simple), skit stories using ICT

Speaking skills

* Identify the naming words from pictures.
* Identify action words from the given pictures.
* Make simple sentences using these action words.
* Make simple descriptions.
* Self introduction in classroom and in school assembly.

Activities

Speach, book rewiew,quiz,riddles,self introduction, school radio etc.

August and September

Develop the creative speaking and writing.
Reading skills

* News paper reading.
* Library book reading.
* Book rewiew.
* Reading breaking news.
* Find words.
* Collect and read past tense.
* Rhyming words.
* Describing words.
* Text book activities.

Writing skills

* Make word web.
* Picture description with describing words.

* Make words and sentences.
* Make riddles , conversations.
* Add more lines.

Activities

* speach
* Book rewiew
* quiz
* riddles
* self inroduction
* school radio
* Make description magazines etc.

October and November

* To express thoughts feelings etc.

Reading skill

The same activities mentioned above and also included.

* develop story
* read notice

Writing skills

The same activities mentioned above and also included.

* Thoughts
* Notice

December and January

* Develop creative speaking and writing .
* To express thoughts , feelings etc.

Reading skill

* Newspaper reading , library book reading.

* Book rewiew
* Conversations, skit stories using ICT
* Reads breaking news.
* Develop story.

* Reads diary
* Reads letters from friends.

Writing skills

* diary
* letter
* Announcement
* Aesthetic appreciation
* Critical analysis of books.
* Making school magazines
* Exhibitions etc.
* English theatre camp
* Language games
* Making picture diary

English is a language and every language acquisition is done by promoting language environment. So many opportunities are provided for language aquisition and such an environment is provided for language learning in our school.

## അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യംവയ്ക്കുന്ന അറബിഭാഷാ പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക. അറബി ഭാഷാപഠനം ആസ്വാദ്യകരമാക്കുക. | **1. മികവിന്റെ വഴിയിൽ**<br>□ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>□ ഭാഷാ കളികളിലൂടെ ഭാഷാപഠനം ആസ്വാദ്യകരവും ലളിതവുമാക്കുക.<br>□ പിന്നോക്കക്കാർക്ക് നിറം നൽകുന്നതിനായി അക്ഷര കാർഡുകൾ കൊടുക്കുന്നു.<br>□ ചെറിയ വാചകങ്ങൾ നിർമ്മിക്കുന്നു | 3 മാസം | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ | Techer<br>BRC<br>DIET<br>PTA |
| കുട്ടികളിൽ നല്ല വായനാശീലം വളർത്തുക. പദസമ്പത്ത് വർദ്ധിപ്പിക്കുക. | **2. വായനാ വസന്തം**<br>□ അറബിക് ലൈബ്രറി<br>□ വായനാ മത്സരം<br>□ ക്ലാസ്സ് വായന<br>□ പദ പരിചയം | 6 മാസം | വായനാ കാർഡുകൾ, സ്കൂൾ ലൈബ്രറി | Techer<br>PTA<br>BRC<br>DIET |
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ. | **3. എഴുത്തുത്സവം**<br>□ പതിപ്പ് നിർമ്മാണം<br>□ വായനാകുറിപ്പ് ശേഖരണം<br>□ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ | 9 മാസം | അറബിക് കോപ്പി ചുമർ പത്രിക | Techer<br>SMC<br>PTA |
| ICT യുടെ സാധ്യതകൾ കുട്ടികൾക്ക് ഉപകാരപ്രദമായി വിനിയോഗിക്കൽ. | **4. അറബിക് കമ്യൂണിക്കേഷൻ**<br>□ ആശയവിനിമയ വേദി ക്ലാസ്സ് തലം<br>□ അറബിക് മേള<br>□ ഭാഷാ കളികൾ<br>□ അറബിക് അസംബ്ലി | 2 വർഷം | ICT-പുസ്തകങ്ങൾ, വായനാ കാർഡുകൾ, CD | Techer<br>BRC<br>SMC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തുരൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ . | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക, അക്ഷരകാർഡുകൾ , ICT ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവ ഉപയോഗിക്കുക | ജൂൺ - സെപ്റ്റംബർ | പുസ്തകങ്ങൾ<br>ICT<br>കാർഡുകൾ |
| അറബി ഭാഷാശേഷി വർധിപ്പിക്കുക , പദസമ്പത്ത് അധികരിപ്പിക്കുക | പാഠ പുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യം ഒരുക്കുക . ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുക . | ജൂൺ -- മാർച്ച് | കഥാ പുസ്തകങ്ങൾ<br>ICT |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ എന്നിവ മനസിലാക്കുക | പാഠ പുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്ന സംഭാഷണങ്ങളിലൂടെ ഉപചാര പദങ്ങൾ പരിചയപ്പെടുന്നു . | ജൂൺ -- മാർച്ച് | പാഠപുസ്തകങ്ങൾ<br>മറ്റുപുസ്തകങ്ങൾ<br>ചെറിയ ആനിമേഷൻ ചിത്രങ്ങൾ |
| ഭാഷാപ്രാവീണ്യം, വായന താല്പര്യം, പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ | വായനാമത്സരം സംഘടിപ്പിക്കുന്നു .പൊതുവിജ്ഞാനം ,അറബിഭാഷാ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമായി ലളിത ചോദ്യങ്ങൾ ഉൾകൊള്ളുന്ന ക്വിസ് സംഘടിപ്പിക്കുന്നു | ജൂൺ -- മാർച്ച് | പാഠപുസ്തകങ്ങൾ<br>ICT |
| ക്ലബ് ശാക്തീകരണം | മഹാന്മാരെ അറിയാൻ പതിപ്പ് നിർമ്മാണം ദിനാചരണപോസ്റ്റർ, വായനാ കാർഡ് നിർമ്മാണം | | |

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ഗണിത താല്പര്യം വർദ്ധിപ്പിക്കുന്നതിന്.<br>കുട്ടികളിൽ നിർമ്മാണ വാസന ഉണ്ടാക്കാൻ. | **<u>സ്കൂൾ ഷോപ്പ്</u>**<br>കുട്ടകൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിന് വേണ്ടി കുട്ടികളാൽ നടത്തപ്പെടുന്ന കട. | ഒക്ടോബർ | S.R.G. | |
| ഗണിത ലൈബ്രറി യാഥാർത്ഥ്യമാക്കൽ. | **<u>അബാക്കസ് ട്രെയിനിംഗ്</u>**<br>സങ്കലന- വ്യവകലന ക്രിയകൾ ചെയ്യുന്നതിനായി അബാക്കസ് പരിശീലനം. | ജൂൺ - ആഗസ്റ്റ് | Teachers | |
| ഗണിത ലാബ് യാഥാർത്ഥ്യമാക്കൽ.<br>ICT സാധ്യത ഉപയോഗപ്പെടുത്തി ഗണിതമേഖലകൾ ഉറപ്പിക്കൽ. | **<u>സ്കൂൾ പച്ചക്കറിച്ചന്ത</u>**<br>ജൈവ പച്ചക്കറി വിപണനത്തിലൂടെ സങ്കലന- വ്യവകലന ക്രിയകൾ കുട്ടികൾ നേടുന്നു. | നവംബർ | Teachers | |
| ഗണിത പഠനത്തിലൂടെ നേടിയ അറിവുകൾ പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കാനുള്ള കഴിവ് രൂപപ്പെടുത്തൽ. | **<u>സ്കൂൾ ബാങ്കിംഗ്</u>**<br>ബാങ്കിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും. | ഡിസംബർ- മാർച്ച് | | |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിനും വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കുന്നതിനും. | **<u>ജന്മദിന കലണ്ടർ</u>**<br>കുട്ടികൾ അവരുടെ ജന്മദിനം കലണ്ടറിൽ രേഖപ്പെടുത്തൽ. | വർഷം മുഴുവൻ | Teachers | |
| വിവിധക്രിയകളുടെ ആവിഷ്ക്കാരം. | **<u>" നിധി " ലഘു – സമ്പാദ്യ പദ്ധതി</u>**<br>കുട്ടികളെ ഗ്രൂപ്പുകളാക്കി അവരിൽ നിന്നും ശേഖരിക്കുന്ന തുകകൾ ഓരോ മാസവും പാസ്സുബുക്കിൽ രേഖപ്പെടുത്തൽ.<br>മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകൽ. ഇതിലൂടേ നേരിട്ടുള്ള പഠനം സാധ്യമാകുന്നു. | വർഷം മുഴുവൻ | Teachers | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| കുട്ടികളിൽ സംഖ്യാബോധം വളർത്തുക | അബാക്കസ് പരിശീലനം<br><br>സംഖ്യകൾ തിരിച്ചറിയാൻ ആവശ്യമായ പ്രവർത്തനങ്ങൾ | ജൂൺ ആഗസ്റ്റ് | മഞ്ചാടി, മുത്തുകൾ, ഈർക്കിൽ |
| സ്ഥാനവില | അബാക്കസ് പരിശീലനം<br><br>സ്ഥാനവില പോക്കറ്റ് ഉപയോഗിച്ചുള്ള പഠനം | ജൂൺ - മാർച്ച് | ഉല്ലാസ ഗണിതം<br>ഗണിത വിജയം |
| ചെറുത് , വലുത് | വിവിധ തരത്തിലുള്ള മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പഠനം | ജൂൺ ആഗസ്റ്റ് | ഗണിതലാബ് |
| സങ്കലനം, വ്യവകലനം | മഞ്ചാടി, മുത്തുകൾ, ഈർക്കിൽ , നോട്ടുകൾ, നാണയങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം<br><br>ഐ സി ടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ഉല്ലാസ ഗണിതം<br>ഗണിത വിജയം |
| ഗുണനം ഹരണം | ആവർത്തന സങ്കലനം വഴി ഗുണനം എന്ന ആശയത്തിലേക്ക് എത്തുന്ന പ്രവർത്തനങ്ങൾ നൽകുന്നു മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് നിത്യജീവിതപ്രശ്നങ്ങളെ ബന്ധപ്പെടുത്തി ഹരണം എന്ന ആശയം കുട്ടികളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജനുവരി - മാർച്ച് | മൂർത്ത വസ്തുക്കൾ |
| വിവിധ തരത്തിലുള്ള ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | വിവിധ വസ്തുക്കൾ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമിക്കുന്നു<br><br>ചുറ്റുപാടുമുള്ള വസ്തുക്കളിൽ നിന്നും ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു | സെപ്റ്റംബർ - ഒക്ടോബർ | |
| ക്ലോക്ക് | ക്ലോക്ക് നിർമിച്ച് സമയം ക്രമീകരിക്കുന്നു | ജൂലൈ | ക്ലോക്ക് |

| | | | |
|---|---|---|---|
| കലണ്ടർ | <u>ദിനാചരണ കലണ്ടർ</u><br>എല്ലാ മാസത്തിലെയും<br>പ്രധാനപ്പെട്ട ദിനങ്ങൾ<br>ഉൾപ്പെടുത്തി ദിനാചരണ<br>കലണ്ടർ കുട്ടികൾ നിർമിക്കുന്നു<br><br><u>ജന്മദിന കലണ്ടർ</u><br>എല്ലാ കുട്ടികളും അവരുടെ ജന്മ<br>ദിനം ക്ലാസ്സിലെ കലണ്ടറിൽ<br>രേഖപ്പെടുത്തുന്നു | | കലണ്ടർ |
| നീളം | ചുറ്റുപാടുമുള്ള വസ്തുക്കളിൽ നിന്നും<br>നീളത്തിന്റെ യൂണിറ്റുകളായ<br>സെന്റിമീറ്റർ , മീറ്റർ എന്നിവ<br>രേഖപ്പെടുത്തുന്നു . | നവംബർ | |
| ഉള്ളളവ് | വിവിധ തരത്തിലുള്ള അളവ്<br>പാത്രങ്ങൾ ഉപയോഗിച്ച് ദ്രാവക<br>അളവുകളുടെ യൂണിറ്റായ മില്ലി<br>ലിറ്റർ , ലിറ്റർ എന്നിവയെ<br>പരിചയപ്പെടുത്തുന്നു . | നവംബർ | അളവ് പാത്രങ്ങൾ |
| ഭാരം | ഭാരത്തിന്റെ യൂണിറ്റായ ഗ്രാം ,<br>കിലോഗ്രാം എന്നിവയെ<br>പരിചയപ്പെടുത്തുന്നു .<br>ഇക്കൂ കുട്ടികൾ , വിവിധയിനം<br>അളവുപകരണങ്ങൾ എന്നിവ<br>ഉപയോഗിച്ച് വ്യത്യസ്ത<br>വസ്തുക്കളുടെ ഭാരം അളന്നു<br>രേഖപ്പെടുത്തുന്നു . | ഡിസംബർ | അളവുപകരണങ്ങൾ |